# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2241** **8.05.2017-ൽ മറുപടിയ്ക്ക്**

## റോഡ് സൗകര്യം വർദ്ധിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ്: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകൾ വീതികൂട്ടി ശാസ്ത്രീയമായി നവീകരിച്ച് സൗന്ദര്യവത്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പുതിയ പദ്ധതികൾക്ക് പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന റോഡുകൾ വീതി കൂട്ടി ശാസ്ത്രീയമായി നവീകരിക്കുന്ന പ്രവർത്തികൾ സ്ഥലത്തിന്റെയും, ഫണ്ടിന്റേയും ലഭ്യതയ്ക്കനുസരിച്ച് അതാത് കാലങ്ങളിൽ നടപ്പാക്കി വരുന്നതാണ്. സംസ്ഥാനത്തെ റോഡുകൾ വീതി കൂട്ടി നവീകരിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ റോഡ് ഫണ്ട് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതുപോലെ മറ്റു നഗരങ്ങളിലും ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് രൂക്ഷമായി ഗതാഗതകുരുക്ക് അനുഭവപ്പെടുന്ന നഗരങ്ങളിൽ ശാസ്ത്രീയമായി റോഡ് വികസിപ്പിക്കുന്നതിന് നഗരത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോട്ടു കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം നഗരത്തിൽ 42.537 കിലോ മീറ്റർ നീളത്തിലുള്ള 16 കോറിഡോറുകളുടെ സമഗ്രവികസനമാണ് നടപ്പാക്കിയത്. രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡു വികസന |

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ. ദൈർഘ്യത്തിൽ 6 കോറിഡോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആലപ്പുഴ നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 49.522 കി.മീ. ദൈർഘ്യത്തിൽ 21 കോറിഡോറുകളുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയുംകണക്കിലെടുത്ത് റോഡുകളിലും ജംഗ്ഷനുകളിലും പ്രധാനപ്പെട്ട ടൗണുകളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ റോഡിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (സി) | ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുന്ന ടൗണുകളിൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ഫ്ലൈ ഓവറുകളും അടിപ്പാതകളും നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഗതാഗതകുരുക്ക് രൂക്ഷമായിരിക്കുന്ന ഠൗണുകളിൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ഫ്ലൈ ഓവറുകളും, അടിപാതകളും നിർമ്മിച്ചു വരുന്നു. ഫണ്ടിന്റേയും, സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകളും, അടിപാതകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**